ഖുത്വ്ബ നമ്പർ
**02**
**13-01-2012**

بسم الله الرحمن الرحيم ○ نحمده ونصلى على رسوله الكريم ○ وعلى عبده المسيح الموعود

**ജുമുഅ ഖുത്വ്ബ**

**ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്**

**ഖലീഫത്തുൽ മസീഹ് അൽഖാമിസ്** ايده الله تعالىٰ بنصره العزيز

വിവർത്തനം: എം. നാസിർ അഹ്മദ് കൊടിയത്തൂർ



# ഇസ്തിഗ്ഫാറും, തൗബയും

## മനുഷ്യനെ പ്രയാസങ്ങളിൽ നിന്നും രക്ഷിക്കുന്നു

اَلَّا تَعۡبُدُوۡۤا اِلَّا اللّٰہَ ؕ اِنَّنِیۡ لَکُمۡ مِّنۡہُ نَذِیۡرٌ وَّ بَشِیۡرٌ ۙ﴿۳﴾ وَّ اَنِ اسۡتَغۡفِرُوۡا رَبَّکُمۡ ثُمَّ تُوۡبُوۡۤا اِلَیۡہِ یُمَتِّعۡکُمۡ مَّتَاعًا حَسَنًا اِلٰۤی اَجَلٍ مُّسَمًّی وَّ یُؤۡتِ کُلَّ ذِیۡ فَضۡلٍ فَضۡلَہٗ ؕ وَ اِنۡ تَوَلَّوۡا فَاِنِّیۡۤ اَخَافُ عَلَیۡکُمۡ عَذَابَ یَوۡمٍ کَبِیۡرٍ ﴿۴﴾

സൂറ ഹൂദിലെ 3,4 ആയത്തുകളാണിവ. അതിന്റെ തർജമ ഇപ്രകാരമാണ്. നിങ്ങൾ അല്ലാഹുവിനെയല്ലാതെ മറ്റൊന്നിനെയും ആരാധിക്കരുത്. തീർച്ചയായും ഞാൻ അവന്റെ പക്കൽനിന്ന് നിങ്ങൾക്കുള്ള മുന്നറിയിപ്പുകാരനും സുവിശേഷകനുമത്രെ. നിങ്ങളുടെ നാഥനോട് നിങ്ങൾ പാപമോചനത്തിനായി അർഥിക്കുകയും അവങ്കലേക്ക് പശ്ചാത്തപിച്ച് മടങ്ങുകയും ചെയ്യുക. ഒരു നിശ്ചിത അവധിവരെ നിങ്ങൾക്ക് അവൻ നല്ല സുഖസൗകര്യങ്ങൾ നൽകുകയും അർഹിക്കുന്ന യോഗ്യതയുള്ള എല്ലാ ഓരോരുത്തർക്കും അവൻ തന്റെ അനുഗ്രഹം പ്രദാനം ചെയ്യുകയും ചെയ്യുന്നതാണ്. ഇനി നിങ്ങൾ പിന്തിരിഞ്ഞുപോകുന്നപക്ഷം നിങ്ങളുടെ കാര്യത്തിൽ ഒരു ഭയാനകമായ നാളിന്റെ ശിക്ഷയെ ഞാൻ ഭയപ്പെടുന്നു.

ലോകത്ത് ഇന്ന് ഏതെങ്കിലും രീതിയിൽ എല്ലായിടത്തും തന്നെ ഫസാദ് വ്യാപിച്ചിരിക്കുകയാണ്. മനുഷ്യൻ തന്റെ സൃഷ്ടിപ്പിന്റെ യഥാർഥ ലക്ഷ്യം മറന്നതിന്റെ പരിണിത ഫലമാണിത്. അല്ലാഹുവിനെ ആരാധിക്കുന്നതിലേക്കുള്ള ശ്രദ്ധയും അവന്റെ സാമിപ്യം കരസ്ഥമാക്കുന്നതിലേക്കുള്ള പരിശ്രമവും ഇല്ലാതായിരിക്കുന്നു. ദൈവസാമിപ്യം ആരാധനയില്ലാതെ സാധ്യമല്ല. ആരാധന എന്താണ്. അഞ്ചുനേര നമസ്ക്കാരം അനുഷ്ഠിച്ചുകൊണ്ട് മാത്രം മാതിയാകുകയില്ല അത്. ഈ നമസ്ക്കാരങ്ങളെതന്നെ ഭംഗിയായി ഭക്തിആദരവോടെ അനുഷ്ഠിക്കേണ്ടിയിരിക്കുന്നു. നമസ്ക്കാരത്തിന്റെ ബാഹ്യമായ അനുഷ്ഠാനം കൊണ്ട് മാത്രം ആരാധനയുടെ തേട്ടം പൂർത്തിയാകുന്നില്ല. മറിച്ച് തന്റെ എല്ലാ പ്രവർത്തനങ്ങളിലും അല്ലാഹുവിന്റെ സ്നേഹം മുമ്പിൽ വെക്കേണ്ടതാണ്. അല്ലാഹുവിന്റെ നിറം സ്വായത്തമാക്കാൻ പരിശ്രമിക്കേണ്ടിയിരിക്കുന്നു. തിരുനബി (സ) യുടെ പവിത്രമായ മാതൃക എല്ലാ കാര്യങ്ങളിലും പിൻപറ്റേണ്ടതും നിർബന്ധമാണ്. അല്ലാഹുവിന്റെ സിഫത്തുകളെ തന്റെ മുമ്പിൽ വെച്ചുകൊണ്ട് അതനുസരിച്ച് തന്നെ തയ്യാറാക്കേണ്ടിയിരിക്കുന്നു. **ഹുഖൂഖുല്ലാഹ്, ഹുഖൂഖുൽ ഇബാദ്** എന്നീ കടമകൾ നിറവേറ്റാൻ തന്റെ കഴിവിന്റെ പരമാവധി പരിശ്രമിക്കേണ്ടിയിരിക്കുന്നു. ഈ ഒരവസ്ഥ കരസ്ഥമാക്കിയാൽ മാത്രമേ ആരാധനയുടെ തേട്ടം നിറവേറ്റുന്നവനായി ഒരു വിശ്വാസി മാറുകയുള്ളൂ. ഹ:മസീഹ് മൗഊദ് (അ) ഇതുസംബന്ധമായി പറയുന്നു, സാങ്കൽപ്പിക ചോദ്യത്തിന് മറുപടിയായി ഒരു പ്രത്യേക കാര്യം വിവരിക്കുകയുണ്ടായി: " വിശുദ്ധ ഖുർആനിൽ വിവരിക്കപ്പെട്ട വിവിധങ്ങളായ കൽപനകളുടെ കാതൽ എന്താണ്. **അല്ലാ തഅ്ബുദു ഇല്ലല്ലാഹ്** അല്ലാഹുവിനെ കൂടാതെ ആരെയും തന്നെ ഒരിക്കലുമൊരിക്കലും ആരാധിക്കരുത്. മനുഷ്യ സൃഷ്ടിപ്പിന്റെ അടിസ്ഥാന ലക്ഷ്യം ഈ ആരാധനയാണെന്നതാണ് സത്യം.''മറ്റൊരു സ്ഥലത്ത് ഇതു സംബന്ധമായി പറയുന്നു:

''وَمَا خَلَقۡتُ الۡجِنَّ وَ الۡاِنۡسَ اِلَّا لِیَعۡبُدُوۡنِ ഇബാദത്ത് എന്ന് പറഞ്ഞാൽ മനുഷ്യൻ നാനാതരം ഹൃദയകാഠിന്യവും വക്രതയും എല്ലാം ഉപേക്ഷിച്ചുകൊണ്ട് ഹൃദയഭൂമിയെ പൂർണ്ണമായും വെടുപ്പും വൃത്തിയുമുള്ളതാക്കിത്തീർക്കുക എന്നതാണ്. കർഷകൻ കൃഷിയിടം വൃത്തിയാക്കുന്നതുപോലെ. അറബികൾ **മൗരുൻ മുഅബ്ബദും** എന്ന് പറയാറുണ്ട്. സുറുമയെപൊടിച്ച് കണ്ണുകളിൽ ഇടാൻ പാകപ്പെടുത്തുന്നതിനാണ് അത് പറയുന്നത്. ഇതേപോലെ ഹൃദയഭൂമിയിൽ വല്ല കല്ലോ കരടോ ഉയർച്ചതാഴ്ചയോ ഒന്നും ഇല്ലാതെയാക്കുക. അത് പൂർണ്ണമായും വൃത്തിയുള്ളതായിത്തീരണം. ആത്മാവ് മാത്രമായി അവശേഷിക്കണം. ഇതിന്റെ പേരാണ് ഇബാദത്ത് എന്ന് പറയുന്നത്. ഈ ശരിപ്പെടുത്തലും വൃത്തിയാക്കലും എല്ലാം നാം ഒരു സ്ഫടികത്തിനാണ് ചെയ്യുന്നതെങ്കിൽ അതിൽ നമ്മുടെ മുഖം ദർശിക്കപ്പെടുന്നു. ഭൂമിയെ നാം ഈ രീതിയിൽ ശരിപ്പെടുത്തുകയാണെങ്കിൽ വിവിധങ്ങളായ വിളകൾ അതിൽ ഉൽപാദിപ്പിക്കപ്പെടുന്നു. മനുഷ്യനെ ആരാധനക്കായാണ് സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്. അവൻ ഹൃദയത്തെ ശുദ്ധീകരിക്കുകയും അതിൽ ഒരു രീതിയിലുമുള്ള വക്രതയും അസന്തുലിതാവസ്ഥയും കല്ലും പാറയും ഒന്നും അവശേഷിക്കാതിരിക്കുകയും ചെയ്യുകയാണെങ്കിൽ അതിൽ ദൈവത്തെ ദർശിക്കാൻ സാധിക്കുന്നതാണ്. ഇതാണ് ഇബാദത്ത്. എല്ലാം അല്ലാഹുവിന് വേണ്ടി ചെയ്യുക. കർഷകൻ കൃഷി ഇറക്കുന്നതിന് മുമ്പ് കൃഷിയിടം ശരിപ്പെടുത്തുന്നതുപോലെ ഹൃദയത്തെ ശരിപ്പെടുത്തുക. വൃത്തിയും നല്ല ഗുണമേന്മയുമുള്ള സ്ഫടികം തിളങ്ങുന്നതുപോലെ നിങ്ങളുടെ ഹൃദയത്തെ തിളക്കമുള്ളതാക്കിത്തീർക്കുക. അതിൽ നമ്മുടെ മുഖം ദർശിക്കാൻ സാധിക്കുന്നതാണ്. നല്ലതുപോലെ തയ്യാറാക്കിയ കൃഷിയിടത്തിൽ നല്ല വിളവ് ഉണ്ടാകുന്നതുപോലെ ഹൃദയത്തിലും മനുഷ്യന്റെ ആത്മാവിലും നല്ല ഫലം കായ്ക്കുന്നതാണ്. '' തുടർന്ന് പറയുന്നു:

''അല്ലാഹു അല്ലാത്ത സർവ്വതിനെയും കല്ലുകളെയും ചരലുകളെയും ഹൃദയഭൂമിയിൽ നിന്ന് ദൂരീകരിച്ച് അവയെ കണ്ണാടി

യെപ്പോലെ വൃത്തിയുള്ളതും സുറുമയെപ്പോലെ പൂർണ്ണമായും പൊടിച്ച് കളഞ്ഞതും ആവുന്നില്ലയോ, അടങ്ങിയിരിക്കാൻ പാടില്ല. തുടർച്ചയായ പരിശ്രമം അനിവാര്യമാണ്. ഒരു വിശ്വാസി ഈ അവസ്ഥ കൈവരിക്കാത്തിടത്തോളം കാലം അടങ്ങിയിരിക്കാൻ പാടില്ല.''

ഇന്നത്തെ കുഴപ്പങ്ങളിൽ നിന്നും രക്ഷപ്പെടുന്നതിനും അല്ലാഹുവിന്റെ ഫള്ലിനെ കരസ്ഥമാക്കുന്നതിനും വേണ്ടി അല്ലാഹുവുമായി സംശുദ്ധ ബന്ധം സ്ഥാപിക്കേണ്ടത് അനിവാര്യമാണ്.

ഒരു വ്യക്തി നേരിട്ട് ഒരു കുഴപ്പത്തിൽ ചെന്ന് ചാടുന്നില്ലെന്ന് വന്നേക്കാം. എന്നിരുന്നാലും സമൂഹത്തിന്റെ സ്വാധീന വലയത്തിൽ കുടുങ്ങി അവിടത്തെ കുഴപ്പം ഇവരെ സ്വാധീനിക്കാൻ തുടങ്ങുന്നു. അത് അവരുടെ ഭാഗമായിത്തീരുന്നു. ഏതെങ്കിലും രീതിയിൽ അതിൽ ഉൾപ്പെട്ടുപോകുന്നു. ഇതുകാരണം കടമകൾ നിറവേറ്റപ്പെടുന്നില്ലെന്ന് മാത്രമല്ല അറിയാതെ അക്രമത്തിന്പോലും കൂട്ടുനിൽക്കുന്നവനായി മാറുന്നു. ഇതിന്റെ പ്രത്യക്ഷ ഉദാഹരണത്തിന് ഇക്കാലത്ത് വിവിധ നാടുകളിൽ അഹ്മദികൾക്കെതിരിൽ നടക്കുന്ന പ്രവർത്തനങ്ങളെ വീക്ഷിച്ചാൽ മതി. ചിലർ അഹ്മദിയ്യത്തിനെക്കുറിച്ച് ഒന്നും അറിയാത്തവരായിരിക്കും. അഹ്മദിയ്യത്തിന്റെ എതിരാളികൾ കാരണം, പ്രത്യേകിച്ച് പാക്കിസ്ഥാനിലുള്ള അഹ്മദിയ്യാ വിരുദ്ധ നിയമം കാരണം വിവിധ സ്ഥലങ്ങളിൽ ഹ:മസീഹ് മൗഊദ് (അ)ന്റെ പേരിൽ മോശമായ പദങ്ങൾ പ്രയോഗിക്കുന്നു. മോശമായ പദങ്ങൾ ഉപയോഗിച്ച സ്ഥലത്ത് ഒപ്പിടുന്നു. അങ്ങനെയുള്ള ആളുകളുടെ ആരാധനകൾ അവർ അറിയാതെ അല്ലാഹുവിന്റെ സാമീപ്യം കരസ്ഥമാക്കുന്നതിനു പകരം ഈ ഭൗതിക കൂട്ടാളികളുടെ സാമിപ്യം കരസ്ഥമാക്കുന്നതിനായിട്ടായിരിക്കും വിനിയോഗിക്കപ്പെടുക. അവർ നമസ്കാരം അനുഷ്ഠിക്കുന്നവരായിരിക്കാം. എന്നാൽ ഇങ്ങനെ ചെയ്തുകൊണ്ട് അവർ അറിയാതെതന്നെ അല്ലാഹു പറഞ്ഞിരിക്കുന്ന നന്മകൾ സ്വായത്തമാക്കാൻ പരിശ്രമിക്കാത്തവരായി മാറുന്നു. ദീനിനെ ദുൻയാവിനോടൊപ്പം കൂട്ടിക്കലർത്തുകയാണെങ്കിൽ, ദീനിൽ ഭിന്നത രൂക്ഷമാകുകയാണെങ്കിൽ സൃഷ്ടികളോടുള്ള കടപ്പാടും സൃഷ്ടാവിനോടുള്ള കടപ്പാടും എല്ലാം ചെവിട്ടിമതിക്കപ്പെടുന്നു.

മതചരിത്രത്തിൽ എന്നും ഈ അവസ്ഥയാണ് കണ്ടു വരുന്നത്. ഒരുകാലം വരുമ്പോൾ ദീനിൽ ഭിന്നത ഉണ്ടാകുന്നു. അതുകൊണ്ടാണ് ഓരോ സമുദായത്തിലും പ്രവാചകന്മാരെ അല്ലാഹു അയച്ചുകൊണ്ടിരുന്നത്. ഒരു കാലഘട്ടം കഴിയുമ്പോൾ, ദീൻ അതിന്റെ യഥാർഥ സ്ഥാനത്തുനിന്ന് വ്യതിചലിക്കുമ്പോൾ, അതിന്റെ ആത്മാവ് തീരാറാകുമ്പോൾ ആ സമുദായത്തെ സമുദ്ധരിക്കാനും അവരെ യഥാർഥ മതസരണിയിലേക്ക് നയിക്കാനും അവരിൽ ആരാധനയുടെ ആത്മാവ് നിലനാട്ടുന്നതിനും അല്ലാഹുവിൽ നിന്ന് നേരിട്ട് മാർഗനിർദ്ദേശങ്ങൾ കരസ്ഥമാക്കി പ്രവചാകന്മാർ വലിയ പങ്കാണ് വഹിക്കുന്നത്. അല്ലാഹു തിരുനബി (സ) യെ അയച്ചുകൊണ്ട് അദ്ദേഹം മുഖേന ആരാധനയുടെ യാഥാർഥ്യങ്ങളും തത്വങ്ങളും മുസ്‌ലീംകൾക്ക് പഠിപ്പിച്ചു കൊടുക്കുകയുണ്ടായി. ആ മഹാത്മാവ് പരിപൂർണ്ണ മനുഷ്യനായിരുന്നു. ഒരു മനുഷ്യനിൽ എത്രമാത്രം സമ്പൂർണ്ണമായ രീതിയിൽ അല്ലാഹുവിന്റെ ഗുണങ്ങൾ പ്രകടമാകാൻ സാധിക്കുമോ അത്രയും തിരുനബിയിൽ പ്രകടമാകുകയും ചെയ്തു. എന്നിട്ട് അല്ലാഹു പറഞ്ഞു: ''ഈ പ്രവാചകൻ നിങ്ങൾക്ക് ഉത്തമമാതൃകയാണ്. ഇദ്ദേഹത്തെ പിൻപറ്റിയാൽ നിങ്ങൾ എന്നിലേക്ക് എത്തിച്ചേരുന്നതാണ്. ''ആ പ്രവാചകന്റെ നമസ്കാരങ്ങൾ മാത്രമായിരുന്നില്ല ആരാധന. അദ്ദേഹത്തിന്റെ ഓരോ വാക്കും പ്രവൃത്തിയും തന്നെ ആരാധനയായിരുന്നു. ഈ ആരാധനയുടെ നിലവാരമാണ് നിങ്ങൾ കരസ്ഥമാക്കേണ്ടത്. ഈ പ്രവാചകൻ കൊണ്ടുവന്ന ദീൻ ഖിയാമത്ത് നാൾവരെ പൂർണ്ണമായിക്കഴിഞ്ഞിരിക്കുന്നു. ഇതെല്ലാമായിരുന്നിട്ടും അല്ലാഹു സ്വയം പറയുകയും തിരുനബി (സ) യോട് പറയിപ്പിക്കുകയും ചെയ്തത് മുമ്പുള്ളതുപോലെ ദീനിൽ നിന്നും ജനങ്ങൾ അകലുന്ന കാലം വരുമ്പോൾ മുസ്‌ലീംകളിലും ദീനിൽ നിന്ന് അകലുന്ന കാലം വരും. തിരുനബി (സ) അവസാന നബിയായിരുന്നിട്ടും ശരീഅത്തുള്ള ഒരു നബിയും തന്നെ തിരുനബിക്ക് ശേഷം വരികയില്ലെങ്കിലും അദ്ദേഹത്തിന്റെ ഗ്രന്ഥം അവസാന ശരീഅത്ത ഗ്രന്ഥമായിരുന്നിട്ടും ദീനിൽ നിന്ന് മുസ്‌ലീംകൾ അകലുന്ന ഒരു കാലം വരും; ഈ അകൽച്ച അതിന്റെ സീമകളെ അതിലംഘിക്കുമ്പോൾ തിരുനബി (സ) യെ പിൻപറ്റിക്കൊണ്ട് അദ്ദേഹത്തിന്റെ പ്രിയ പ്രേമി ദീനിനെ ദുൻയാവിൽ പുനഃസ്ഥാപിക്കുന്നതിന് വേണ്ടി അല്ലാഹുവിൽ നിന്നും ആഗതരാകുന്നതാണ്. ഇബാദത്തിന്റെ യാഥാർഥ്യം അദ്ദേഹം വിവരിക്കുന്നതാണ്. ഇതെല്ലാം തന്നെ തിരുനബി (സ) യുടെ യഥാർഥ ശിഷ്യനായതുകൊണ്ടും തിരുനബിയുടെ ദാസത്വത്തിലുമാണ് ചെയ്യുക. എന്നാൽ ദുഃഖകരമെന്ന് പറയട്ടെ, മുസ്‌ലീംകളിൽ ഒരു വലിയ വിഭാഗം ഈ കാര്യങ്ങൾ മനസ്സിലാക്കുന്നില്ല. അല്ലാഹുവിന്റെ യഥാർഥ ആരാധനയിലേക്ക് ക്ഷണിക്കുന്ന മനുഷ്യനിൽ നിന്നും അകന്നുനിന്ന്കൊണ്ട് ഓരോ കക്ഷിയും അവരവരുടെ രീതി അവലംബിച്ചിരിക്കുകയാണ്. ഇതുമുഖേന കുഴപ്പം വർദ്ധിക്കുകയെല്ലാതെ ലോകത്ത് മറ്റൊന്നും തന്നെ ഉണ്ടാകുന്നതല്ല. ഇതുമാത്രമല്ല, അങ്ങനെയുള്ള ആളുകൾ ഇസ്‌ലാമിന് ദുഷ്പേരിന് കാരണമാവുകയും ചെയ്യുന്നു. തിരുനബി (സ) 1400 വർഷം മുമ്പ് താക്കീദുകാരനായിരുന്നതുപോലെ ഇന്നും നദീറാണ്. താക്കീദുകാരനാണ്. ഞാനോതിയ ആദ്യത്തെ ആയത്തിൽ പറയുന്നു. إِنَّنِي لَكُم مِّنْهُ نَذِيرٌ وَبَشِيرٌ നിങ്ങൾക്കായി അവന്റെ പക്കൽ നിന്നുള്ള താക്കീദുകാരനും സന്തോഷവാർത്ത നൽകുന്നവനുമാണ്. തിരുനബി (സ) യുടെ കാലഘട്ടം ഖിയാമത്ത് നാൾവരെയാണ്. ഖിയാമത്ത് നാൾവരെ ആ മഹാത്മാവ് നദീറും ബശീറുമാണ്. ഇന്നും സ്വന്തക്കാരെയും അന്യരേയും താക്കീദുചെയ്യുന്നവനാണ്. നദീർ എന്നാൽ ഭയപ്പെടുത്തുന്നവൻ എന്നല്ല; അവരെ കാര്യങ്ങൾ ഉണർത്തുന്നവൻ എന്നാണ്. കാര്യങ്ങൾ മനസ്സിലാക്കി തിന്മകളിൽ നിന്നും വിട്ട് നിർത്തുന്നവൻ. പറയുന്നു:

''ഞാൻ താക്കീദുകാരനാണ്. ഇസ്‌ലാമിക അധ്യാപനങ്ങളിൽ നിന്ന് അകന്ന് നിന്ന് രണ്ടുപ്രകാരത്തിലും നഷ്ടമാണ് നിങ്ങൾക്ക് കൈവരിക. നിങ്ങൾ കലിമ ചൊല്ലുന്നവരും എന്നിൽ വിശ്വസിക്കുന്നവരുമാണെന്നത് ശരി. ദീനിൽ പൂർണ്ണമായും പിൻപറ്റുന്ന അവസ്ഥ നിങ്ങൾക്കില്ലെങ്കിൽ ഏതെല്ലാം നഷ്ടങ്ങളാണ് നിങ്ങൾക്ക് വരാനുള്ളത് അത് വരികതന്നെ ചെയ്യും. ആഖരീങ്ങളിൽ നിയോഗിതനാകുന്ന വ്യക്തി വിശുദ്ധ ഖുർആന്റെ അധ്യാപനങ്ങളുടെ അടിസ്ഥാനത്തിൽ അല്ലാഹുവിന്റെ സാമിപ്യം കരസ്ഥമാക്കിത്തരാനാണ് വന്നിരിക്കുന്നതെന്നും ആരാധനയുടെ അവസ്ഥ പഠിപ്പിക്കാനാണ് വന്നിരിക്കുന്നതെന്നുമുള്ള യാഥാർഥ്യം നിങ്ങൾ മനസ്സിലാക്കുകയാണെങ്കിൽ ഭൗതികവും ആത്മീയവുമായ സുവാർത്തകൾ നിങ്ങൾക്കുണ്ട്.

ഹദ്റത്ത് മസീഹ് മൗഊദ് (അ) അല്ലാഹുവിന്റെ സാമിപ്യം കര സ്ഥമാക്കുന്നതിനെക്കുറിച്ച് പറയുന്നു: “ മനുഷ്യന് ഒരു പരിശുദ്ധ വ്യക്തിയുടെ സഹായമില്ലാതെ ഈ ആത്മീയ പ്രയാണത്തിന്റെ പട വുകൾ കയറാൻ സാധ്യമല്ല എന്നത് തികച്ചും സത്യമായ കാര്യമാണ്. ഇതിനുള്ള സംവിധാനം ഒരുക്കുന്നതിനായി അല്ലാഹുതആല പരി പൂർണ്ണമാതൃകയായി തിരുനബി (സ) യെ അയക്കുകയുണ്ടായി. എന്നെന്നേക്കുമായി ആ മഹാത്മാവിന്റെ യഥാർഥ പ്രതിപുരുഷന്മാരെ ഇവിടെ അയച്ചുകൊണ്ടിരിക്കുകയും ചെയ്തു.” പറയുന്നു: “കർഷ കന്റെ മകനല്ലെങ്കിൽ കളകൾ നീക്കുമ്പോൾ ശരിക്കുള്ള തൈകളും പറിച്ചുമാറ്റുന്നതാണ് എന്നത് ശരിയാണ്. ഇതേപോലെ ആത്മീയ കൃഷി യിടത്തിലും പൂർണ്ണമായി പരിപാലനം നടത്തണമെങ്കിൽ പരിപൂർണ്ണ നായ ഒരു വ്യക്തിയെ പൂർണ്ണമായും പിൻപറ്റിയിരിക്കണം. വിത്ത് വിതക്കുന്നതും സേചനം ചെയ്യുന്നതും കളകൾ നീക്കുന്നതുമായ എല്ലാ ഘട്ടങ്ങളും തരണം ചെയ്തിരിക്കണം. ഇതിൽ നിന്നും മനു ഷ്യന് ഒരു പരിപൂർണ്ണ വഴികാട്ടിയുടെ ആവശ്യമുണ്ടെന്ന് മനസ്സിലാ കുന്നതാണ്. പരിപൂർണ്ണ വഴികാട്ടി ഇല്ലാതെ ആരാധന നടത്തുക എന്നത് അറിവില്ലാത്ത ഒരു കുട്ടി കൃഷിയിടത്തിൽ ഇരുന്ന് യഥാർഥ തൈകളെ മുറിച്ച് മാറ്റുന്നതുപോലെയാണ്. അവൻ ഇതു ചെയ്യു മ്പോൾ മനസ്സിലാകുന്നത് ഞാൻ കളകളെയാണ് നീക്കുന്നത് എന്നാ ണ്. ഇബാദത്ത് സ്വയം പഠിക്കാൻ കഴിയും എന്ന് തെറ്റിദ്ധരിക്കരു ത്. അങ്ങനെയല്ല. റസൂൽ പഠിപ്പിക്കാത്തിടത്തോളം കാലം അല്ലാ ഹുവിൽ പൂർണ്ണമായും ലയിക്കലും ഭൗതികമായ വിച്ഛേദനവും സാധ്യ മല്ല. അല്ലാഹുവിലേക്ക് പൂർണ്ണമായ ശ്രദ്ധ ഉണ്ടായിത്തീരില്ല. അവനെ അറിയാൻ സാധ്യമല്ല.” പറയുന്നു: “ഇവിടെ ഉദിക്കുന്ന ഒരു ചോദ്യമുണ്ട്. ഈ പ്രയാസകരമായ പ്രശ്നം എങ്ങിനെ പരിഹരിക്ക പ്പെടും. ഇതിന്റെ ചികിത്സ സ്വയം പറഞ്ഞുതരുന്നു. ഇതിന്റെ പരി ഹാരം ഇസ്തിഗ്ഫാറാണ്. നിങ്ങൾ ഇസ്തിഗ്ഫാർ ചെയ്യുക. പൂർണ്ണ മായ രീതിയിൽ ഇസ്തിഗ്ഫാർ ചെയ്യുകയും അല്ലാഹുവിന്റെ റസൂ ലിനെ പൂർണ്ണമായും പിൻപറ്റിക്കൊണ്ട് തന്റെ തെറ്റുകൾക്ക് മാപ്പ് ചോദിക്കുകയാണെങ്കിൽ, ഭാവിയിൽ തെറ്റുകളിൽ നിന്ന് വിട്ടുനിൽക്കാ നായി പരിശ്രമിക്കുകയും ചെയ്യുകയാണെങ്കിൽ യഥാർഥ ഇസ്തി ഗ്ഫാർ ആയിത്തീരുന്നതാണ്.”

ഹദ്റത്ത് മസീഹ് മൗഊദ് (അ) പറയുകയുണ്ടായി: “അവൻ യഥാർഥ പിൻഗാമികളെ അയക്കുന്നു. അല്ലാഹു ആദ്യം തിരുനബി (സ) യെ അയച്ചു. അദ്ദേഹത്തിനുശേഷം അദ്ദേഹത്തിന്റെ പ്രതിപു രുഷന്മാരെ അയച്ചുകൊണ്ടിരുന്നു.” ഇക്കാലത്തും അതിനുശേഷവും ഹദ്റത്ത് മസീഹ് മൗഊദ് (അ) ആയിരിക്കും തിരുനബി (സ)യുടെ യഥാർഥ പ്രതിപുരുഷൻ. അദ്ദേഹം ഖാത്തമുൽ ഖുലഫാ ആണ്.

അതുകൊണ്ട് യഥാർഥ അർഥത്തിൽ ഇസ്തിഗ്ഫാർ ചെയ്യുന്ന തിനും ആരാധനയുടെ നിലവാരം കരസ്ഥമാക്കുന്നതിനും പരിശ്രമി ക്കുന്നവരെ അല്ലാഹു തീർച്ചയായും വഴികാട്ടുന്നതാണ്. ഇതിന് അവർ യഥാർഥ പ്രതിപുരുഷനെ പിൻപറ്റുന്നവരായി മാറേണ്ടതാ ണ്. അദ്ദേഹത്തിന്റെ കൽപനകളനുസരിച്ച് പ്രവർത്തിക്കുന്നവരാ യിത്തീരേണ്ടതാണ്. അല്ലാഹു അയച്ച വരിഷ്ഠദാസനെ സ്വീകരിക്കു കയും അദ്ദേഹം തരുന്ന അധ്യാപനമനുസരിച്ച് പ്രവർത്തിക്കുകയും ചെയ്യേണ്ടതാണ്. ഹദ്റത്ത് മസീഹ് മൗഊദ് (അ) പറഞ്ഞതുപോലെ അല്ലാഹുതആല ഇതിന്റെ പരിഹാരം ഇസ്തിഗ്ഫാറിലാണുള്ളത് എന്ന് പറഞ്ഞിരിക്കുന്നു. ഞാൻ ഓതിയ രണ്ടാമത്തെ ആയത്തിൽ ഇസ്തിഗ്ഫാർ എങ്ങനെ ചെയ്യണം എന്ന് വിവരിച്ചിരിക്കുന്നു. അതിന്റെ തർജമ ഇപ്രകാരമാണ്. നിങ്ങളുടെ നാഥനോട് നിങ്ങൾ പാപമോചനത്തിനായി അർത്ഥിക്കുകയും അവങ്കലേക്ക് പശ്ചാത്ത പിച്ച് മടങ്ങുകയും ചെയ്യുക. അങ്ങനെയാണെങ്കിൽ ഒരു നിശ്ചിത അവധിവരെ നിങ്ങൾക്ക് അവൻ നല്ല സുഖ സൗകര്യങ്ങൾ നൽകു ന്നതാണ്. അർഹിക്കുന്ന യോഗ്യതയുള്ള എല്ലാ ഓരോരുത്തർക്കും അവൻ തന്റെ അനുഗ്രഹം പ്രദാനം ചെയ്യുകയും ചെയ്യുന്നതാണ്. ഇനി നിങ്ങൾ പിന്തിരിഞ്ഞു പോകുന്ന പക്ഷം നിങ്ങളുടെ കാര്യ ത്തിൽ ഒരു ഭയാനകമായ നാളിന്റെ ശിക്ഷയെ ഞാൻ ഭയപ്പെടുന്നു.

ഞാൻ പറഞ്ഞതുപോലെ യഥാർഥ അർഥത്തിൽ ഇസ്തിഗ്ഫാർ ചെയ്യുന്നവരെ അല്ലാഹു വഴികാട്ടുന്നു. ഈ ആയത്തിന്റെ തുടക്ക ത്തിൽ ഈ യാഥാർഥ്യമാണ് അല്ലാഹു വിവരിക്കുന്നത്. നിങ്ങൾ അല്ലാ ഹുവിനോട് പാപപ്പൊറുതിക്കായി തേടുക. അവനോട് സഹായം അർഥിക്കുക. അവനോട് ദുആ ചെയ്യുക. അങ്ങനെ നിങ്ങളുടെ ഹൃദയത്തിലുള്ള അഴുക്കുകൾ അവൻ ദൂരീകരിക്കട്ടെ. യഥാർഥ ദാസന്മാരായി മാറ്റട്ടെ. അങ്ങനെയാണെങ്കിൽ അല്ലാഹു തന്റെ വാഗ്ദാ നപ്രകാരം സഹായിക്കുന്നതാണ്. എന്നാൽ ഒരു വ്യക്തി ഇന്ന് ഒരു മാർഗം സ്വീകരിക്കുന്നു. നാളെ മറ്റൊരു വഴിയാണ് സ്വീകരിക്കുന്ന ത്. ഇസ്തിഗ്ഫാറിൽ സ്ഥിരതയില്ല. അങ്ങനെയാണെങ്കിൽ അല്ലാ ഹുവിന്റെ പക്കൽ ഇത് ഇസ്തിഗ്ഫാർ ആയിരിക്കില്ല. യഥാർഥ ഇസ്തിഗ്ഫാർ എന്നത് അല്ലാഹുവിന്ന് ഇഷ്ടമില്ലാത്ത വിചാരവികാ രങ്ങളിൽ നിന്നും മോചനം തേടുക എന്നതാണ്. അല്ലാഹുവിലേക്ക് എത്തുന്നതിന് തടസ്സമാകുന്ന ചിന്തകളിൽ നിന്നും മോചനം തേടു ക. ഈ സ്ഥാനം കരസ്ഥമാക്കിക്കഴിഞ്ഞാൽ, വിചാരവികാരങ്ങളെ നിയന്ത്രിക്കാൻ കഴിഞ്ഞാൽ, അല്ലാഹുവുമായുള്ള ബന്ധം സ്ഥാപി ക്കാൻ കഴിയും. മനുഷ്യൻ സ്ഥിരചിത്തതയോടുകൂടി അല്ലാഹുവിന്റെ കൽപനകളനുസരിച്ച് പ്രവർത്തിക്കുന്നവനായി മാറുന്നതാണ്. ഈ അവസ്ഥ കൈവരിച്ചാൽ ദാസൻ അല്ലാഹുവിന്റെ സമീപസ്ഥനായി ത്തീരുന്നതാണ്.

യഥാർഥ ഇസ്തിഗ്ഫാറും തൗബയും വാക്കുകൾ ഉരുവിടുന്നതോ അസ്തഗ്ഫിറുല്ലാഹ് അസ്തഗ്ഫിറുല്ലാ എന്ന് മന്ത്രിക്കലിലെ അ ല്ലെന്ന കാര്യം മനസ്സിലാക്കേണ്ടിയിരിക്കുന്നു. അതോടൊപ്പം തന്റെ അവസ്ഥ മാറ്റാൻ കൂടി ശ്രമിക്കേണ്ടതാണ്. അല്ലാഹുവിന്റെ സാമിപ്യം കരസ്ഥമാക്കിത്തരുന്നത് ഇവയാണ്. മനുഷ്യന് ഇതുമുഖേന മതപ രവും ഭൗതികവുമായ നേട്ടം ലഭിക്കുന്നു. ഇരുലോക നേട്ടങ്ങളും ഇതിൽ ഉൾക്കൊള്ളുന്നു. അല്ലാഹുവിന്റെ അനുഗ്രഹങ്ങൾക്ക് അവ കാശിയായി മനുഷ്യൻ മാറുന്നു. ഈ ആയത്തിന്റെ വെളിച്ചത്തിൽ ഇസ്തിഗ്ഫാറിനെക്കുറിച്ച് ഹദ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു:

“ഓർക്കുക. ഈ ഉമ്മത്തിന് രണ്ട് കാര്യങ്ങളാണ് നൽകപ്പെട്ടിരി ക്കുന്നത്. ഒന്ന് ശക്തി ശേഖരിക്കാൻ, മറ്റൊന്ന് കരസ്ഥമാക്കിയ ശക്തി പ്രകടിപ്പിക്കാൻ. മനുഷ്യൻ തിന്മകളിൽ നിന്നും വിട്ടുനിൽക്കാനുള്ള ശക്തി ശേഖരിക്കുന്നു. രണ്ടാമത്തേത് കരസ്ഥമാക്കിയ ശക്തി അത് പ്രവർത്തന പഥത്തിൽ കൊണ്ടുവരിക എന്നതാണ്. മനുഷ്യന്റെ ഓരോ അനക്കമടക്കവും അല്ലാഹുവിന്റെ കൽപനപ്രകാരവും

അവന്റെ പ്രീതി കരസ്ഥമാക്കുന്നതിനും ആയിരിക്കണം.'' പറയുന്നു: ''ശക്തി ശേഖരിക്കാനായി ഇസ്തിഗ്ഫാർ വെച്ചിരിക്കുന്നു. മറ്റു വാക്കുകളിൽ പറഞ്ഞാൽ ഇസ്തിഗ്ഫാർ എന്നാൽ സഹായം അർഥിക്കുക എന്നാണ്. അല്ലാഹുവിനോട് സഹായം തേടുക. സൂഫികൾ എഴുതിയിട്ടുണ്ട്. വ്യായാമം ചെയ്യുന്നതുകൊണ്ട് ശാരീരിക ആരോഗ്യം വർദ്ധിക്കുന്നതുപോലെ ആത്മീയ വ്യായാമമാണ് ഇസ്തിഗ്ഫാർ. ഇസ്തിഗ്ഫാർ തുടർച്ചയായി ചെയ്യുമ്പോൾ മനുഷ്യന് ആത്മീയ ശക്തി കൈവരുന്നു.'' ''ഇതുമുഖേന ആത്മാവിന് ഒരു ശക്തി കൈവരുന്നു. ഹൃദയത്തിൽ സ്ഥിരചിത്തത ഉണ്ടായിത്തീരുന്നു. അതുകൊണ്ട് ശക്തി കൈവരിക്കാൻ ആഗ്രഹിക്കുന്നവർ ഇസ്തിഗ്ഫാർ ചെയ്യട്ടെ. ആത്മീയ ശക്തി വർദ്ധിപ്പിക്കാൻ ആഗ്രഹിക്കുന്നവർ കൂടുതലായി ഇസ്തിഗ്ഫാർ ചെയ്യേണ്ടതാണ്.'' ഗഫറ എന്നാൽ മറച്ചുവെക്കുക, മൂടി വെക്കുക എന്നതാണ്. ഇസ്തിഗ്ഫാർ മുഖേന അല്ലാഹുവിലേക്ക് എത്താൻ തടസ്സമായി വരുന്ന വികാരങ്ങളെയും വിചാരങ്ങളെയും മനുഷ്യൻ മറച്ചുവെക്കുകയാണ് ചെയ്യുന്നത്. ഇസ്തിഗ്ഫാർ ചെയ്തുകൊണ്ടിരിക്കുക. അല്ലാഹുവിന്റെ കൽപനകളെ പിൻപറ്റുന്നതിൽ നിന്നും നന്മകളിൽ നിന്നും തടയുന്ന വികാരങ്ങളെ തടയുക എന്നതാണ് ഇസ്തിഗ്ഫാർ. വിശുദ്ധ ഖുർആൻ ഇതിനുള്ളല എത്രയോ കൽപനകൾ നൽകിയിട്ടുണ്ട്. ഹ: മസീഹ് മൗഊദ് (അ) പറയുന്നു: ''ഏതെങ്കിലും ഒരു നന്മയെ നിങ്ങൾ അവഗണിക്കുകയാണെങ്കിൽ നിങ്ങൾ പൂർണ്ണമായും പരിശ്രമിക്കുന്നില്ല എന്ന് വരും.''

ഇസ്തിഗ്ഫാർ എന്നതുകൊണ്ട് അർഥമാക്കുന്നത് മനുഷ്യനെ അക്രമിച്ചുകൊണ്ട് നശിപ്പിക്കാൻ ഉദ്ദേശിക്കുന്ന വിഷാംശത്തെ കീഴ്പ്പെടുത്തുക എന്നതാണ്. വിഷങ്ങൾ എന്തെല്ലാമാണ്. ശൈത്ത്വാന്റെ വിവിധങ്ങളായ അടവുകളാണവ. ഭൗതികതയോടുള്ള അത്യാർത്ഥി, അല്ലാഹു ചെയ്യരുതെന്ന് പറഞ്ഞതിൽ നിന്നും വിട്ടുനിൽക്കാതിരിക്കൽ തുടങ്ങിയവയെല്ലാം വിഷങ്ങളാണ്. ഇസ്തിഗ്ഫാർ ചെയ്യുമ്പോൾ ഈ വക കാര്യങ്ങളിൽ നിന്നെല്ലാം മനുഷ്യൻ അകലുന്നതാണ്. നന്മകൾ ഇവയെ കീഴ്പ്പെടുത്തുന്നതാണ്. അല്ലാഹുവിന്റെ കൽപ്പനകൾ പ്രവർത്തന പഥത്തിൽ കൊണ്ടുവരേണ്ടതാണ്. അല്ലാഹു മനുഷ്യനിൽ രണ്ട് കഴിവുകൾ വെച്ചിട്ടുണ്ട്. ഒന്ന് ദോഷപ്രവണമായ കഴിവാണ്. അത് ശൈത്താനുമായി ബന്ധപ്പെട്ടതാണ്. രണ്ടാമത്തേത് അതിനുള്ള പരിഹാരക്രിയയാണ്. മനുഷ്യനിൽ വരുന്ന ദൂഷ്യങ്ങളെ ആത്മീയ വിഷങ്ങളെ എങ്ങനെ അകറ്റാൻ സാധിക്കും എന്നതാണ്. ഈ രണ്ട് ഗുണങ്ങളും മനുഷ്യന്റെ അകത്തുതന്നെയുണ്ട്. ദോഷപ്രവണമായ അവസ്ഥയും അതേപോലെ അതിനുള്ള പ്രതിക്രിയയും. തിന്മയും നന്മയും മനുഷ്യനിലുണ്ട്. നന്മകൾ മുഖേന തിന്മയെ അമർച്ച ചെയ്യുന്നില്ലെങ്കിൽ, അല്ലാഹുവിനോട് സഹായംതേടിക്കൊണ്ട് അവന്റെ സഹായത്തിനുകീഴെ വരുന്നില്ലെങ്കിൽ, തിന്മകൾ നമ്മെ കീഴ്പ്പെടുത്തും. പറയുന്നു: ''മനുഷ്യൻ അഹങ്കാരിയാകുമ്പോൾ, തന്നെ വല്ലതുമാണെന്ന് കരുതുമ്പോൾ പരിഹാരക്രിയകളിലൂടെ സഹായം തേടുന്നില്ലെങ്കിൽ അവന്റെ ദോഷപ്രവണമായ അവസ്ഥ അവനെ കീഴ്പ്പെടുത്തുന്നു.''

ഇസ്തിഗ്ഫാർ ഇല്ലെങ്കിൽ ഹൃദയത്തെ അഹങ്കാരം കീഴ്പ്പെടുത്തുകയും പിന്നീട് ഇസ്തിഗ്ഫാർ ചെയ്യാൻ കഴിയാത്ത ഒരവസ്ഥ കൈവരിക്കുകയും ചെയ്യുന്നു. താൻ വല്ലതുമാണെന്ന് കരുതിക്കൊണ്ടാണ് മനുഷ്യൻ അഹങ്കരിക്കുന്നത്. അതിനുള്ള പ്രത്യൗഷധമായ ഇസ്തിഗ്ഫാർ മുഖേന സഹായം തേടുന്നില്ലെങ്കിൽ ദോഷപ്രവണമായ അവസ്ഥ മനുഷ്യനെ കീഴ്പ്പെടുത്തുന്നു. എന്നാൽ തന്നെക്കുറിച്ച് മനുഷ്യൻ നിസ്സാരനും എളിയവനുമായി മനസ്സിലാക്കുകയാണെങ്കിൽ, തന്നിൽ അല്ലാഹുവിന്റെ സഹായം വേണമെന്ന് മനസ്സിലാക്കുകയും ചെയ്യുകയാണെങ്കിൽ അപ്പോൾ അല്ലാഹുവിൽ നിന്ന് ഒരു നീരുറവ പുറപ്പെടുന്നു. അതുമുഖേന ആത്മാവ് ഉരുകി ഒഴുകാൻ തുടങ്ങുന്നു. ഇതാണ്. ഇസ്തിഗ്ഫാറിന്റെ പൊരുൾ.

ആത്മാവ് ഉരുകി ഒഴുകുക എന്നതാണ് യഥാർഥ ഇസ്തിഗ്ഫാർ. ആത്മാവ് ഉരുകി ഒഴുകണമെങ്കിൽ വെറും വാചക കസർത്തുകൊണ്ടാവില്ല. ഹൃദയത്തിൽ നിന്ന് ഒരാവേശത്തോടെ ഇസ്തിഗ്ഫാർ പുറപ്പെടണം. അതാണ് ഇസ്തിഗ്ഫാർ. ആത്മാവ് ഉരുകി അല്ലാഹുവിന്റെ മുമ്പിൽ കണ്ണുനീരായി ഒഴുകുമ്പോൾ ഇതാണ് ഒരു വ്യക്തിയിൽ യഥാർഥ മാറ്റം ഉണ്ടാക്കുന്നത്. പറയുന്നു:''ഈ ശക്തി അവൻ കൈവരിച്ച് ദോഷപ്രവണമായി വിഷലിപ്തമായ അവസ്ഥയെ കീഴ്പ്പെടുത്തുന്നു.'' ഇസ്തിഗ്ഫാർ മുഖേന ശക്തി കൈവരുന്നു. ഹൃദയാവേശത്തോടുകൂടിയുള്ള ഇസ്തിഗ്ഫാറാണ് വിഷാംശങ്ങളെ ഇല്ലാതാക്കുന്നത്. കണ്ണുനീർ വീഴ്ത്തിക്കൊണ്ട് അത് പ്രകടമാകണം. ഈ ഇസ്തിഗ്ഫാറാണ് മനുഷ്യനിൽ പ്രത്യേക മാറ്റം ഉണ്ടാക്കുന്നത്. പറയുന്നു: ''ചുരുക്കത്തിൽ ഇതിന്റെ അർഥമിതാണ്. ഇബാദത്തിൽ പൂർണ്ണമായും നിലയുറപ്പിക്കുക. ആദ്യം റസൂലിനെ അനുസരിക്കുക. തുടർന്ന് എപ്പോഴും അല്ലാഹുവിനോട് സഹായം തേടിക്കൊണ്ടിരിക്കുക.''

ആദ്യം നിങ്ങളുടെ നാഥനോട് സഹായം തേടുക. ശക്തി കൈവന്നാൽ **തൂബൂ ഇലൈഹി** അല്ലാഹുവിലേക്ക് മടങ്ങുക. അല്ലാഹു പറഞ്ഞ മാർഗത്തിലൂടെ റസൂലിനെ അനുസരിക്കുക. അല്ലാഹുവിനോട് സഹായം തേടിക്കൊണ്ട് അവനിലേക്ക് കുമ്പിടേണ്ടതാണ്. തുടർന്ന് റസൂലിനെ അനുസരിക്കലാണ്. തുടർന്ന് അല്ലാഹുവിലേക്ക് തുടർച്ചയായി മനുഷ്യൻ കുനിയുമ്പോൾ അവനോട് സഹായം ചോദിച്ചുകൊണ്ടിരിക്കുമ്പോൾ തൂബൂ ഇലല്ലാഹ് എന്ന അവസ്ഥ കൈവരുന്നതാണ്. അങ്ങനെ അല്ലാഹു തൗബ സ്വീകരിച്ചുകൊണ്ട് തിന്മകളിൽ നിന്നും നമ്മെ തടയുന്നതാണ്.

**തൂബൂ ഇലൈഹി** എന്നതിനെ വിശദീകരിച്ചുകൊണ്ട് പറയുന്നു: ''ഇസ്തിഗ്ഫാർ, തൗബ എന്നീ രണ്ട് കാര്യങ്ങളാണ് വിവരിച്ചിട്ടുള്ളത്. ഇസ്തിഗ്ഫാറിന് തൗബയുടെ മേൽ ഒരു കണക്കിന് മേൽകൈയുണ്ട്. ഇസ്തിഗ്ഫാർ തൗബക്ക് മുമ്പേയാണ്. അതിന് പ്രാധാന്യമുണ്ട്. ഇസ്തിഗ്ഫാർ സഹായവും ശക്തിയുമാണ്. അത് അല്ലാഹുവിൽ നിന്നും കരസ്ഥമാകുന്നതാണ്. തൗബ എന്നത് സ്വന്തം കാലിൽ നിൽക്കാനുള്ള കഴിവിനാണ് പറയുന്നത്. ഇസ്തിഗ്ഫാർ മുഖേന ശക്തി ലഭിക്കുന്നു. അല്ലാഹുവിന്റെ മുമ്പിൽ ഇതിനായി അശ്രുകണങ്ങൾ ഒഴുക്കുന്നു. ഹൃദയം എല്ലാതരം അശുദ്ധിയിൽ നിന്നും പരിശുദ്ധമായിത്തീരുന്നു. ഇസ്തിഗ്ഫാർ അതുകൊണ്ടാണ് ആദ്യം വെച്ചത്. ഈ അവസ്ഥ കൈവരിച്ചാൽ അടുത്ത സ്റ്റെപ്പാണ് തൗബ. അത് സ്വയം കാലിൽ നിൽക്കലാണ്. സ്ഥിരചിത്തതയോടുകൂടി ഇസ്തിഗ്ഫാർ ചെയ്ത് തൗബയെ സംരക്ഷിക്കേണ്ടിയിരിക്കുന്നു. ചെവിപിടിച്ച് തൗബ തൗബ എന്ന് പറഞ്ഞാൽ മതിയാകുന്നതല്ല. ആദ്യം ഇസ്തിഗ്ഫാർ മുഖേന ശക്തി കൈവരിക്കുക. അല്ലാഹുവിന്റെ

സാമിപ്യം കരസ്ഥമാക്കുന്ന നന്മയിലേക്ക് ശ്രദ്ധ തിരിയുന്ന അവസ്ഥയിൽ എത്തുക അതാണ് തൗബ. ഇത് നിലനിർത്താൻ ഇസ്തിഗ്ഫാർ അനിവാര്യമാണ്. അല്ലാഹുവിനോട് സഹായം തേടിക്കഴിഞ്ഞാൽ അല്ലാഹു ശക്തി നൽകും എന്നതാണ് അല്ലാഹുവിന്റെ സുന്നത്ത്. ഈ ശക്തിക്ക് ശേഷം മനുഷ്യന് തന്റെ കാലിൽ നിൽക്കാൻ കഴിയുന്നതാണ്. നന്മകൾ ചെയ്യാൻ അവനിൽ ഒരു ശക്തി കൈവരും. ഇതിന്റെ പേരാണ് **തൂബൂ ഇലല്ലാഹ്** എന്നത്. ഇതുകൊണ്ട് പ്രകൃതിപരമായും ഈ ഒരു ക്രമമാണ് കണ്ടുവരുന്നത്. ചുരുക്കത്തിൽ ആത്മീയ പ്രയാണം നടത്തുന്നവർക്ക് ഇതിൽ ഒരു ചിട്ട വെച്ചിരിക്കുന്നു. പ്രയാണം ചെയ്യുന്ന വ്യക്തി എപ്പോഴും അല്ലാഹുവിനോട് സഹായം ആഗ്രഹിക്കുന്നു. അല്ലാഹുവിൽ നിന്ന് ശക്തി കൈവരിക്കാത്തിടത്തോളം അവർക്ക് എന്ത് ചെയ്യാൻ സാധിക്കും. തൗബക്കുള്ള തൗഫീഖ് ഇസ്തിഗ്ഫാറിന് ശേഷമാണ് ലഭിക്കുന്നത്. ഇസ്തിഗ്ഫാർ അല്ലെങ്കിൽ തൗബയുടെ ശക്തി ക്ഷയിച്ചുപോകും എന്ന കാര്യം ഓർക്കുക. അങ്ങനെ ഇസ്തിഗ്ഫാറും തുടർന്ന് തൗബയും ചെയ്യുകയാണെങ്കിൽ يُمَتِّعْكُمْ مَّتَاعًا حَسَنًا إِلَىٰ أَجَلٍ مُّسَمًّى ഇസ്തിഗ്ഫാറും തൗബയും ചെയ്യുകയാണെങ്കിൽ ഓരോരുത്തരുടേയും സ്ഥാനം കൈവരിക്കാൻ സാധിക്കുന്നതാണ് എന്നതാണ് ദൈവിക നിയമം. ഓരോന്നിനും ഒരു പരിധിയുണ്ട്. ഏതെങ്കിലും ഒരു വസ്തു കരസ്ഥമാക്കാനുള്ള കഴിവ്, വികാരം അതിന് ഒരു പരിധിയുണ്ട്. ഓരോരുത്തർക്കും ആ പരിധി കരസ്ഥമാക്കാൻ കഴിയും. അവരവരുടെ കഴിവനുസരിച്ച ഓരോരുത്തർക്കും അവരവരുടേതായ ഒരു പരിധി നിർണ്ണയിച്ചിട്ടുണ്ട്.

ആ പുരോഗതിയുടെ പദവി ഓരോരുത്തർക്കും കരസ്ഥമാക്കാൻ സാധിക്കുന്നതാണ്. ഓരോരുത്തർക്കും സിദ്ധീഖോ ശഹീദോ നബിയോ ആകാൻ പറ്റില്ല. എന്നിരുന്നാലും ഓരോരുത്തർക്കും വിവിധ പദവികൾ നിർണ്ണയിച്ചിട്ടുണ്ട് എന്നത് സത്യമാണ്. എല്ലാവർക്കും ഒരേ പദവിയല്ല ഉള്ളത്. ചിലർക്ക് പദവികളിൽ ശ്രേഷ്ഠത നൽകിയിട്ടുണ്ട് എന്നത് ശരിയാണ്. തുടർന്ന് അല്ലാഹു പറയുന്നു: ഈ മാർഗമനുസരിച്ച് പ്രവർത്തിക്കുമ്പോൾ ആത്മീയ പ്രയാണം നടത്തുന്ന വ്യക്തി അവന് നിശ്ചയിച്ചിട്ടുള്ള പദവി കരസ്ഥമാക്കാൻ സാധിക്കുന്നതാണ്. അല്ലാഹു പറഞ്ഞ പ്രവർത്തികളിൽ സ്ഥിരചിത്തതയോടെ പ്രവർത്തിക്കുകയാണെങ്കിൽ പരിശ്രമിച്ചുകൊണ്ടിരിക്കുകയാണെങ്കിൽ അല്ലാഹുവിനെ പ്രാപിക്കാനായി ഓരോ മനുഷ്യനും തന്നെ ചെയ്യുന്ന പ്രവർത്തനം കാരണമായി അവർക്ക് നിശ്ചയിച്ച് പരിധിയും സ്ഥാനവും കരസ്ഥമാക്കുന്നതായിരിക്കും. وَيُؤْتِ كُلَّ ذِي فَضْلٍ فَضْلَهُ എന്ന ആയത്തിന്റെ അർഥവും ഇതുതന്നെ. യോഗ്യത അർഹിക്കുന്ന ഓരോരുത്തർക്കും അവൻ തന്റെ അനുഗ്രഹം പ്രദാനം ചെയ്യുന്നതാണ്. മതപരമായ അനുഗ്രഹം ഓരോരുത്തർക്കും ഈ ലോകത്തും പരലോകത്തും ലഭിക്കുന്നതാണ്. പറയുന്നു:

''അവർ അധികമായി കൊണ്ടുവന്നിട്ടുണ്ടെങ്കിൽ അല്ലാഹുതആല ഈ പരിശ്രമത്തിലും ആധിക്യം നൽകുന്നതാണ്. ആർക്ക് എപ്പോൾ എത്ര നൽകണമെന്ന അല്ലാഹുവിന്റെ ഫള്‌ലും കൂടെ നടന്നുകൊണ്ടിരിക്കുകയാണ്. തന്റെ ഫള്‌ലുകൊണ്ട് അല്ലാഹു കൂടുതൽ നൽകാൻ ഉദ്ദേശിച്ചാൽ ഈ തൗബയും ഇസ്തിഗ്ഫാറും മുഖേന കൂടുതൽ നൽകുന്നതാണ്. ആദ്യം പരിശ്രമം വേണം. ഇസ്തിഗ്ഫാറും തൗബയും വേണം. അപ്പോഴാണ് അല്ലാഹു വർദ്ധിപ്പിച്ച് നൽകുക. തുടർന്ന് പറയുന്നു. ''ആ വ്യക്തി അല്ലാഹുവിന്റെ കൃപ കരസ്ഥമാക്കുന്നു. അത് സ്വാഭാവികമായും അയാളുടെ അവകാശമാണ്. ذِي فَضْلٍ എന്ന് അല്ലാഹു ഇവിടെ പറഞ്ഞത് അവന്റെ അധികാരമായിട്ടാണ്. അല്ലാഹു മാലിക്കായ കാരണത്താൽ അവൻ എത്രകണ്ട് ഉദ്ദേശിക്കുന്നുവോ വർദ്ധിപ്പിച്ച് നൽകുന്നതാണ്. ഇത് പ്രയത്നവുമായി ബന്ധപ്പെട്ടതല്ല. അല്ലാഹു ഇസ്തിഗ്ഫാർ ചെയ്യുന്നവർക്ക്, തന്നിലേക്ക് വരാൻ ശ്രമിക്കുന്നവർക്ക്, പ്രയത്നിക്കുന്നവർക്ക് തന്റെ കൃപയാൽ അനുഗ്രഹം ചൊരിയുന്നു.'' പറയുന്നു.''ذِي فَضْلٍ എന്നത് അല്ലാഹുവിന്റെ അധികാരപരിധിയെയാണ് സൂചിപ്പിക്കുന്നത്. അവൻ ഒരിക്കലും അനർഹനാക്കില്ല.'' പറയുന്നു: ''ചിലർ ചോദിക്കാറുള്ളത് ഞങ്ങളെന്താ വലിമാരോ മറ്റോ ആകുകയാണോ. അങ്ങനെ പറയുന്നവർ പാപികളും നിഷേധികളുമാണ്. മനുഷ്യൻ ചെയ്യേണ്ടത് പ്രകൃതിനിയമമനുസരിച്ച് പരിശ്രമിക്കുകയാണ്. അല്ലാഹു ഇവിടെ നിയമമുണ്ടാക്കിയിട്ടുണ്ട്. ഇസ്തിഗ്ഫാർ, തൗബ എന്നിവയുടെ കവാടം തുറന്നിട്ടിട്ടുണ്ട്. അത് വിനിയോഗിക്കേണ്ടതാണ്. കഴിവിന്റെ പരമാവധി പരിശ്രമിക്കേണ്ടതാണ്. തുടർന്നുള്ളത് അല്ലാഹുവിന്റെ ഫള്‌ലാണ്. ഓരോരുത്തർക്കും അവരവരുടെ കഴിവനുസരിച്ച് അല്ലാഹു നൽകുന്നതാണ്. ''

ഈ കാര്യങ്ങൾക്ക് ശേഷം ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ സദസ്സിൽ നടന്ന ചില സംഭവങ്ങൾ വിവരിക്കുകയാണ്. ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ മജ്‌ലിസിൽ ജനങ്ങൾ പല പ്രശ്നങ്ങളും ചോദിക്കാറുണ്ട്. ഇസ്തിഗ്ഫാറിന്റെ പ്രാധാന്യം ഇങ്ങനെയുള്ള മജ്‌ലിസിൽ ഏതുരീതിയിലാണ് പ്രകടിപ്പിച്ചത് എന്ന് നോക്കുക. ഒരു രിവായത്ത് വരുന്നു. ഒരാൾ ചോദിച്ചു: ''ഞാൻ സ്ഥിരമായി ഏതു ദുആയാണ് ചൊല്ലേണ്ടത്.'' കാരണം അക്കാലത്ത് ഏതെങ്കിലും ഒരു ദുആ പ്രത്യേകമായി ആവർത്തിച്ച് ചൊല്ലുന്ന ശീലമുണ്ടായിരുന്നു. പറഞ്ഞു: ''ഇസ്തിഗ്ഫാർ കൂടുതലായി ചെയ്യുക. മനുഷ്യന് ആകെ രണ്ടവസ്ഥയാണുള്ളത്. ഒന്നെങ്കിൽ പാപം ചെയ്യാതിരിക്കുക. അതല്ലെങ്കിൽ പാപത്തിന്റെ ദൂഷ്യങ്ങളിൽ നിന്നും അല്ലാഹു രക്ഷിക്കുക.''

അതായത് മനുഷ്യന് രണ്ടവസ്ഥകളാണുള്ളത്. ഒന്നുകിൽ തെറ്റ് ചെയ്യാതിരിക്കുക. ഇനി തെറ്റ് ചെയ്തു പോയെങ്കിൽ, അത് തിരിച്ചറിഞ്ഞെങ്കിൽ അല്ലാഹു അതിന്റെ ദുഷ്ഫലത്തിൽ നിന്നും രക്ഷപ്പെടുത്തുക. പറയുന്നു: ''അതുകൊണ്ട് ഇസ്തിഗ്ഫാർ ചെയ്യുമ്പോൾ രണ്ടവസ്ഥകളും ഓർക്കേണ്ടതാണ്. ഇത് വലിയ പ്രാർഥനയാണ്. ഒന്ന് തെറ്റു വരാതിരിക്കട്ടെ എന്ന് ദുആ ചെയ്യുക. തിന്മയിൽ നിന്നും രക്ഷപ്പെടാനായി പ്രാർത്ഥിക്കുക. തെറ്റുപറ്റിയിട്ടുണ്ടെങ്കിൽ അതിന്റെ ശിക്ഷയിൽ നിന്നും രക്ഷപ്പെടാനായി പ്രാർഥിക്കുക.'' പറയുന്നു: ''കഴിഞ്ഞുപോയ തെറ്റുകൾ മറച്ചുവെക്കാനായി അല്ലാഹുവിനോട് അർഥിക്കുക. പിന്നീട് ഭാവിയിൽ ഒരു രീതിയിലുമുള്ള തെറ്റ് വരാതിരിക്കാനായി സഹായം തേടുകയും ചെയ്യുക. എന്നാൽ ഇസ്തിഗ്ഫാർ എന്നത് നാവുകൊണ്ടുള്ള ഉരിയാടൽ മാത്രമല്ല. അത് ഹൃദയാന്തരാളങ്ങളിൽ നിന്നും നിർഗളിക്കണം. നമസ്ക്കാരത്തിൽ സ്വന്തം ഭാഷയിലും പ്രാർഥിക്കുക. ഇത് അത്യാവശ്യമാണ്.''

ചുരുക്കത്തിൽ ഇസ്തിഗ്ഫാർ എന്നാൽ പാപങ്ങൾ പൊറുത്തുതരുന്നതിനും പാപങ്ങളിൽ നിന്ന് രക്ഷപ്പെടുന്നതിനുമുള്ള അർഥന.

പാപങ്ങൾ എന്തെല്ലാമാണെന്നറിയാൻ വിശുദ്ധ ഖുർആന്റെ കൽപനകളിൽ ശ്രദ്ധിക്കേണ്ടിയിരിക്കുന്നു.

ഒരു സദസ്സിൽ ഒരാൾ വന്നു. മൗലവി അബ്ദുൽ കരീം സാഹിബ് (റ) യും ആ സദസ്സിൽ ഉണ്ടായിരുന്നു. ആ വ്യക്തി വന്ന് അദ്ദേഹത്തോട് കാര്യം പറഞ്ഞു. മൗലവി സാഹിബ് മസീഹ് മൗഊദ് (അ)ന്റെ മുമ്പിൽ ആ കാര്യം അവതരിപ്പിച്ചു.''ഈ വ്യക്തി ചില ഗുരുക്കന്മാരുടെ അടുത്ത് പോയിട്ടുണ്ട്. വലിയ വലിയ ശൈഖന്മാരുടെ അടുത്തും പോയിട്ടുണ്ട്. ഇപ്പോൾ ഇവിടെ എത്തിയിരിക്കുകയാണ്.'' മസീഹ് മൗഊദ് (അ) അദ്ദേഹത്തോട് ചോദിച്ചു: എന്താണ് പറയാനുള്ളത്. ആഗതൻ പറഞ്ഞു:''ഹുസൂർ ഞാൻ പല ഗുരുക്കന്മാരുടെയും അടുത്ത് പോയിട്ടുണ്ട്. എന്നിൽ ചില ന്യൂനതകളുണ്ട്. ഞാൻ ഏതൊരു ഗുരുവിന്റെ അടുത്താണോ പോകുന്നത് അവിടെ കുറച്ച് കാലം നിന്ന് അവിടം വിടേണ്ടതായിവരുന്നു. അവരോട് എന്റെ മനസ്സിൽ അവിശ്വാസം ഉടലെടുക്കുന്നു. മറ്റൊരു ന്യൂനത എന്നിൽ ഉള്ളത് പരദൂഷണം പറയുക എന്നതാണ്. മൂന്നാമത്തെ കാര്യം ഇബാദത്തിൽ വേണ്ട മനഃസാന്നിധ്യം ലഭിക്കുന്നില്ല. ഇങ്ങനെയുള്ള പല ന്യൂനതകളുമുണ്ട്.'' ഹദ്റത്ത് അഖ്ദസ് പറഞ്ഞു: ''എനിക്ക് കാര്യം മനസ്സിലായി നിന്റെ യഥാർഥ രോഗം ക്ഷമയില്ല എന്നതാണ്. മറ്റെല്ലാം തന്നെ ഇതിന്റെ ശാഖകളാണ്. നോക്കൂ. മനുഷ്യൻ തന്റെ ഭൗതിക കാര്യങ്ങളിൽ അക്ഷമനാകാതെ ക്ഷയോടും സ്ഥിരചിത്തതയോടും പര്യവസാനം പ്രതീക്ഷിച്ചിരിക്കുന്നു. അല്ലാഹുവിന്റെ കാര്യത്തിൽ പിന്നെ എന്തിനാണ് അക്ഷമ പ്രകടിപ്പിക്കുന്നത്. ഒരു കർഷകൻ ഒരൊറ്റ ദിവസംകൊണ്ട് വിളവിറക്കി അന്ന് തന്നെ വിളവ് കൊയ്യാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുമോ. അതല്ലെങ്കിൽ ഒരു കുട്ടി ജനിച്ച ഉടനെ ഞാൻ യുവാവായി നിങ്ങളെ സഹായിക്കാം എന്ന് പറയുമോ. അല്ലാഹുവിന്റെ നിയമത്തിൽ ഇങ്ങനെ പെട്ടെന്നുള്ള നടപടികളും നൊടിയിടയിലുള്ള പ്രവർത്തനങ്ങളൊന്നും കാണില്ല. ഇങ്ങനെ ധൃതി പിടിക്കുന്നവൻ അജ്ഞനാണ്. തന്റെ ന്യൂനതയെ ന്യൂനതയായി കാണുന്ന വ്യക്തി നന്ദി പ്രകടിപ്പിക്കേണ്ടതാണ്. തന്നിലെ തിന്മ അറിയുന്നവൻ ഭാഗ്യവാനാണ്. ശൈത്താൻ തിന്മകളെയും ദുഷ്പ്രവർത്തനങ്ങളെയും മനോഹരമാക്കിക്കാണിക്കുന്നു. ഇനി തിന്മകൾ തന്നിലുണ്ടെന്ന് മനസ്സിലാക്കുക എന്നത് വലിയ ഒരു ഗുണമാണ്. കാരണം ശൈത്വാൻ തന്റെ പ്രവർത്തനം ചെയ്തുകൊണ്ടിരിക്കും. തിന്മകളെ അവൻ നന്മകളായി കാണിക്കുന്നതാണ്. അതുകൊണ്ട് നിങ്ങൾ നിങ്ങളുടെ അക്ഷമയെ ഉപേക്ഷിച്ച് ക്ഷമയോടും സഹനത്തോടും അല്ലാഹുവിനോട് സഹായമർഥിക്കുക. നിങ്ങളുടെ പാപത്തിൽ നിന്നും മോചനത്തിനായി പ്രാർഥിക്കുക. ഇതല്ലാതെ മറ്റൊന്നുമില്ല. ആരാണോ അല്ലാഹുവിന്റെ ആളുകളുടെ അടുത്തേക്ക് അവർ ഒറ്റ ഊത്ത് കൊണ്ട് തന്റെ പരിഷ്ക്കരിക്കട്ടെ എന്ന ഉദ്ദേശ്യത്തോടുകൂടി വരുന്നത്, അവർ അല്ലാഹുവിനെ ഭരിക്കാനാണ് ആഗ്രഹിക്കുന്നത്. ഇവിടെ വരേണ്ടത് കീഴ്‌വണങ്ങിക്കൊണ്ടാണ്. മറ്റെല്ലാ ഭരണങ്ങളെയും ഉപേക്ഷിക്കാത്തിടത്തോളം ഒന്നും ആകാൻ സാധ്യമല്ല. രോഗി വൈദ്യന്റെ അടുത്ത് പോകുമ്പോൾ തന്റെ പല രോഗങ്ങളും വിവരിക്കുന്നു. എന്നാൽ വൈദ്യൻ എന്താണ് കാര്യകാരണമെന്ന് പരിശോധിച്ച് കണ്ടെത്തി യഥാർഥ രോഗം തിരിച്ചറിയുന്നു. തുടർന്ന് അതിനുള്ള ചികിത്സ തുടങ്ങുന്നു. ഇതേപോലെ നിങ്ങളുടെ അടിസ്ഥാന രോഗം ക്ഷമയില്ലാ എന്നതാണ്. ഇതിനുള്ള ചികിത്സ നടത്തുകയാണെങ്കിൽ, അല്ലാഹു ഉദ്ദേശിച്ചാൽ മറ്റു രോഗങ്ങളും ദൂരീകരിക്കപ്പെടുന്നതാണ്. മനുഷ്യൻ ഒരിക്കലും അല്ലാഹുവിനെതൊട്ട് നിരാശനാകരുത് എന്നതാണ് എന്റെ വിശ്വാസം. മരണത്തോട് മല്ലടിക്കുന്ന സമയം വരെ ചോദിച്ചുകൊണ്ടിരിക്കുക. തന്റെ അർത്ഥനയും ക്ഷമയും ഈ അവസ്ഥവരെ എത്തിക്കുന്നില്ലെങ്കിൽ മനുഷ്യന് ലക്ഷ്യം കരസ്ഥമാക്കാൻ സാധ്യമല്ല.'' ചുരുക്കത്തിൽ അവസാനശ്വാസം വരെ ക്ഷമയോടെ പ്രവർത്തിക്കണം. പറയുന്നു:''ഒരു നിമിഷനേരം കൊണ്ട് ആ വ്യക്തിയുടെ ലക്ഷ്യങ്ങൾ നേടിക്കൊടുക്കാൻ കഴിവുള്ളവനാണ് അല്ലാഹു. ഒരു സുജൂദുകൊണ്ട് തന്നെ ദുആ സ്വീകരിക്കാൻ അവന് കഴിവുണ്ട്. എന്നാൽ സത്യമായ പ്രേമം ആഗ്രഹിക്കുന്നത് പ്രേമിയെ അന്വേഷിക്കുന്നതിൽ ക്ഷീണിക്കാതിരിക്കേണ്ടതാണ്. തുടർന്നുകൊണ്ടേപോകേണ്ടതാണ്. ഫാർസി കവി സഅ്ദി പറയുകയുണ്ടായി.

സുഹൃത്തിന്റെ അടുത്ത്‌വരെ എത്തുന്നത് അസാധ്യമാണെങ്കിൽ ഒരു പ്രേമിയുടെ അന്വേഷണത്തിൽ
മൃത്യുവരിക്കുക എന്നതാണ് ശരിയായ പ്രേമം.

രോഗം രണ്ട് വിധത്തിലാണുള്ളത്. ഒന്ന് മുസ്തവി. മറ്റൊന്ന് മുഖ്ത്തലിഫ്. മുസ്തവി എന്ന് പറഞ്ഞാണ് അത് മനുഷ്യന് അനുഭവവേദ്യമാകും. അതിന്റെ ലക്ഷണംകൊണ്ട് അത് തിരിച്ചറിയും. അതിന് മനുഷ്യൻ ചികിത്സിക്കും എന്നാൽ തിരിച്ചറിയാൻ പറ്റാത്ത രോഗം ഉണ്ടാകും. ആ രോഗം തനിക്കുണ്ടെന്ന് രോഗിക്ക് അറിയുക പോലുമില്ല. അത്കൊണ്ട് അത് ശ്രദ്ധിക്കുന്നില്ല. ഇതേപോലെ ചില തിന്മകൾ അത് മനുഷ്യൻ അറിയുന്നു. എന്നാൽ ചില തിന്മകൾ അത് തന്നിലുണ്ടെന്ന്പോലും മനുഷ്യൻ അറിയുന്നില്ല. അതുകൊണ്ട് എപ്പോഴും അല്ലാഹുവിനോട് ഇസ്തിഗ്ഫാർ ചെയ്തുകൊണ്ടിരിക്കേണ്ടതാണ്. അല്ലാഹു പരിഷ്ക്കരണം വരുത്തുന്നതിന് വേണ്ടിയാണ് വിശുദ്ധ ഖുർആൻ അവതരിപ്പിച്ചത്. ഊത്തുകൊണ്ട് സംസ്ക്കരണം വരുത്തുക എന്നതായിരുന്നു അല്ലാഹുവിന്റെ നിയമമെങ്കിൽ തിരുനബി (സ) പതിമൂന്ന് വർഷക്കാലം എന്തിന് മക്കയിൽ യാതനകൾ അനുഭവിച്ചു. അബൂജഹലിനെയും മറ്റും ഊതിയാൽ മതിയായിരുന്നില്ലെ. അബൂജഹലിനെ നമുക്ക് വിട്ടുകളയാം. അബൂത്വാലിബിന് തിരുനബി (സ) യോട് സ്നേഹമായിരുന്നു. എന്നിട്ടും അദ്ദേഹം മുസ്‌ലിം ആയില്ല. ചുരുക്കത്തിൽ അക്ഷമ പ്രകടിപ്പിക്കുക എന്നത് നന്നല്ല. ഇതിന്റെ പര്യവസാനം നാശത്തിലേക്ക് ചെന്നെത്തലായിരിക്കും.''

ഒരിക്കൽ അദ്ദേഹത്തിന്റെ സദസ്സിൽ ഒരാൾ കടബാധ്യതയിൽ നിന്നും മോചനം ലഭിക്കാൻ ദുആ ചെയ്യാൻ അപേക്ഷിച്ചു. ഹദ്റത്ത് മസീഹ് മൗഊദ് (അ) പറഞ്ഞു: ''നിങ്ങൾ കൂടുതലായി ഇസ്തിഗ്ഫാർ ചെയ്യുക. ദുഃഖത്തിൽ നിന്നും കരകയറാനുള്ള മാർഗം മനുഷ്യന് നിശ്ചയിച്ചിരിക്കുന്നത് ഇതാണ്.'' ഇസ്തിഗ്ഫാർ ഉന്നതിയുടെ കുഞ്ചികയാണ്. പുരോഗതിയുടെ താക്കോലാണ് ഇസ്തിഗ്ഫാർ. മുമ്പു പറഞ്ഞതുപോലുള്ള ഇസ്തിഗ്ഫാർ ചെയ്യുമ്പോഴാണ് പുരോഗതിയുടെ പൂട്ട് ഇസ്തിഗ്ഫാർ തുറന്നുതരുന്നത്.

ഒരാൾ തനിക്ക് മക്കളുണ്ടാകാനായി ദുആ ചെയ്യണമെന്ന് അപേക്ഷിച്ചപ്പോൾ പറഞ്ഞു: ''ഇസ്തിഗ്ഫാർ കൂടുതലായി ചെയ്യുക. ഇതുമുഖേന പാപം കൂടുതലായി പൊറുക്കപ്പെടും. അല്ലാഹു മക്കളെയും നൽകുന്നതാണ്. ദൃഢവിശ്വാസം എന്നത് വലിയ കാര്യമാണ്. ഇസ്തിഗ്ഫാർ ചെയ്യുമ്പോൾ അല്ലാഹുവിൽ ദൃഢവിശ്വാസം ഉണ്ടായിരിക്കണം. ദൃഢവിശ്വാസം ഉള്ള വ്യക്തിയെ അല്ലാഹു സ്വയം സംരക്ഷി ക്കുന്നതാണ്. ഒരവസരത്തിൽ പറഞ്ഞു. മനുഷ്യന് ബലഹീനതകളിൽ നിന്നും രക്ഷപ്പെടാൻ കൂടുതലായി ഇസ്തിഗ്ഫാർ ചെയ്യേണ്ടതാണ്.

തിന്മയുടെ ശിക്ഷയിൽ നിന്നും രക്ഷപ്പെടുക എന്നതിന് ഇസ്തിഗ്ഫാർ ചെയ്യുക എന്നത് തടവുകാരനായ ഒരു വ്യക്തി മോചനദ്രവ്യം നൽകി തടവിൽ നിന്നും രക്ഷപ്പെടുന്നതുപോലെയാണ്.''

ഒരവസരത്തിൽ ഉപദേശിച്ചുകൊണ്ട് പറഞ്ഞു: ''ചിലരിൽ ദുഃഖം ശക്തമായ പ്രഹരം ഏൽപ്പിച്ചിരിക്കുന്നു. അത് അവരുടെതന്നെ പ്രവർത്തനഫലമായിരിക്കും. وَمَنْ يَّعْمَلْ مِثْقَالَ ذَرَّةٍ شَرًّا يَّرَهٗ ۝٩ തൗബയും ഇസ്തിഗ്ഫാറും ചെയ്തുകൊണ്ടേ ഇരിക്കേണ്ടതാണ്. ദുഷ്പ്രവർത്തികൾ അതിരുകടക്കുന്നുണ്ടോ എന്ന് നോക്കിപ്പാർക്കേണ്ടതാണ്. അത് അല്ലാഹുവിന്റെ കോപത്തെ വലിച്ചുകൊണ്ടുവരുന്നുണ്ടോ എന്നും നോക്കുക. അല്ലാഹു ഫള്ലോടുകൂടി ആരിലെങ്കിലും ദൃഷ്ടി പതിപ്പിക്കുന്നുണ്ടെങ്കിൽ പൊതുവിൽ അദ്ദേഹത്തോടുള്ള സ്നേഹം ജനമനസ്സുകളിൽ ഇട്ടുകൊടുക്കുന്നു. എന്നാൽ മനുഷ്യന്റെ തിന്മ അതിരുകളെ അതിലംഘിക്കുമ്പോൾ ആകാശത്തുനിന്ന് അവനെ എതിർക്കുവാനുള്ള തീരുമാനം വരുന്നതോടുകൂടി അല്ലാഹുവിന്റെ ഇംഗിതമനുസരിച്ച് ജനങ്ങളുടെ ഹൃദയം അവനെതിരിൽ കാഠിന്യമുള്ളതായും തീരുന്നു.''

അല്ലാഹു തന്റെ കാരുണ്യകടാക്ഷം ആ വ്യക്തിയിൽ നിന്നും മാറ്റുമ്പോൾ ജനങ്ങളും ആ വ്യക്തിയെ വെറുക്കാൻ തുടങ്ങുന്നു. എന്നാൽ ആ വ്യക്തി ഉടനെ ദൈവ ദർബാറിൽ സുജൂദ് ചെയ്തുകൊണ്ട് ഇസ്തിഗ്ഫാറിൽ മുഴുകുന്നുവോ ജനങ്ങൾക്ക് ആ വ്യക്തിയോട് കരുണ തോന്നിത്തുടങ്ങുന്നു. ഈ വ്യക്തിയുടെ സ്നേഹം ജനമനസ്സുകളിൽ വിതക്കപ്പെടുന്നു. ഇക്കാര്യം ആരും അറിയുന്നില്ല.

ഒരാൾ തന്റെ തെറ്റുകളിൽ അതിര് കടക്കുമ്പോൾ അല്ലാഹു തന്റെ കൃപ പിൻവലിക്കുന്നു. ജനങ്ങളുടെ ഹൃദയം അദ്ദേഹത്തോട് കഠിനമായിത്തീരുന്നു. എന്നാൽ ഇസ്തിഗ്ഫാർ ചെയ്താൽ അല്ലാഹു അത് സ്വീകരിക്കുകയും അതുമുഖേന അദ്ദേഹത്തോട് ജനമനസ്സുകളിൽ കാരുണ്യം അലതല്ലാൻ തുടങ്ങുന്നു. അദ്ദേഹത്തോടുള്ള സ്നേഹം ജനഹൃദയങ്ങളിൽ വിതക്കപ്പെടുന്നു.ചുരുക്കത്തിൽ തൗബയും ഇസ്തിഗ്ഫാറും ഒരിക്കലും പാഴായിപ്പോകാത്ത് കുറിപ്പടികളാണ്.

ഇന്ന് ലോകരുടെ ദുഷ്പ്രവർത്തനമാണ് വിവിധ നാടുകളിൽ ഫിത്ന വിതച്ചിരിക്കുന്നത്. തങ്ങൾ ജനങ്ങളുടെ പ്രിയരാണെന്ന് ധരിച്ചുവെച്ച ലീഡർമാർ ഇപ്പോൾ ജനങ്ങളുടെ മുമ്പിൽ ഏറ്റവും നികൃഷ്ട ജീവികളായിത്തീർന്നിരിക്കുന്നു. തങ്ങൾ ജനങ്ങളുടെ പ്രിയരാണെന്ന് കരുതിയിരിക്കുന്നവരുടെയും സമയം അടുത്തെത്തിയിരിക്കുന്നു എന്നാണ് മനസ്സിലാകുന്നത്. ചുരുക്കത്തിൽ ഒരു ഫസാദ് ലോകത്ത് നടമാടിക്കഴിഞ്ഞു. ഇതുമുഖേന മാറിവന്ന ഗവൺമെന്റ് ഈ ഫസാദിനെ വർദ്ധിപ്പിക്കുകയാണ് ചെയ്തത്. ഇനി എന്തെല്ലാം കുഴപ്പമാണ് വരിക എന്നത് അല്ലാഹുവിനെ അറിയുകയുള്ളൂ. അതുകൊണ്ട് നാം കൂടുതലായി പ്രാർത്ഥിക്കേണ്ടതാണ്. *അല്ലാഹു ലോകരെ ഈ ഫസാദിൽ നിന്നും രക്ഷിക്കട്ടെ.*

ചുരുക്കത്തിൽ ഇസ്തിഗ്ഫാർ അല്ലാഹുവിനെ ആരാധിക്കുക എന്ന ലക്ഷ്യം പൂർത്തീയാക്കുന്നു. സൃഷ്ടികളോടും സൃഷ്ടാവിനോടുമുള്ള കടമകൾ പാലിക്കുന്നതിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. അല്ലാഹു അയച്ച വ്യക്തിയുമായി സുദൃഢബന്ധം സ്ഥാപിക്കുവാൻ കാരണമാകുന്നു. കാലഘട്ടത്തിന്റെ കുഴപ്പങ്ങളിൽ നിന്നും അല്ലാഹുവിന്റെ കോപത്തിൽ നിന്നും ഇത് രക്ഷപ്പെടുത്തുന്നു. അല്ലാഹുവിന്റെ സാമിപ്യം കരഗതമാകുന്ന വഴിയിലൂടെ ഇത് നടത്തുന്നു. ഇതുമുഖേന ഇരുലോകവും രക്ഷപ്പെടുന്നതാണ്. ഇത് മനുഷ്യന്റെ വ്യക്തിപരമായ കാര്യങ്ങൾ സാധിച്ചു തരുന്നതും പ്രയാസങ്ങളിൽ നിന്ന് അവനെ രക്ഷപ്പെടുത്തുകയും ചെയ്യുന്നു. ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ ഉപദേശങ്ങളിൽ നിന്നും നമുക്കിത് വ്യക്തമായതാണ്. ഇസ്തിഗ്ഫാർ മുഖേന വവിധങ്ങളായ അല്ലാഹുവിന്റെ ഫള്ലിന് മനുഷ്യൻ അവകാശിയായിത്തീരുന്നു.

അഹ്മദികളായ നമ്മോട് അല്ലാഹു കരുണ ചെയ്തിരിക്കുകയാണ്. ഇക്കാലത്തെ ഇമാമിനെ നാം അംഗീകരിച്ചിരിക്കുന്നു. അദ്ദേഹം നമുക്ക് ആരാധനകളുടെയും അല്ലാഹുവിന്റെ സാമിപ്യം കരസ്ഥമാക്കുന്നതിന്റെയും അവന്റെ ഫള്ല് കരസ്ഥമാക്കുന്നതിന്റെയും മാർഗങ്ങൾ പറഞ്ഞുതരികയുണ്ടായി. ഇതിൽ നിന്നും യഥാർഥ ഫലം എടുക്കുന്നതിന്നായി നമുക്കും സ്ഥിരമായി ഇസ്തിഗ്ഫാർ ചെയ്തുകൊണ്ട് മുന്നോട്ട് പോകേണ്ട ആവശ്യമാണുള്ളത്. ഇതിനായി ഓരോ അഹ്മദിയും പരിശ്രമിക്കേണ്ടതാണ്. *അല്ലാഹു നമുക്കെല്ലാവർക്കും ഇതിനുള്ള തൗഫീഖ് നൽകുമാറാകട്ടെ.*


KHUTBA: HADRAT MIRZA MASROOR AHMED (atba)
on 2012 January 13 at : Baitul Futuh London
Translation: M. Nasir Ahmed Kodiyathur 09497343704

Typing: M.P. Abdul Latheef Calicut.
Printed at: Digital Image Calicut.
Published by: **Majlis Khuddamul Ahmadiyya, North Kerala**